# പതിനഞ്ചാം കേരള നിയമസഭ

# ഏഴാം സമ്മേളനം

2022 ഡിസംബർ 8, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

## സ്ത്രീസൗഹൃദ വിനോദസഞ്ചാരം

*91 **ശ്രീ. എം. എം. മണി**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെയാകെ സമ്പൂർണ്ണ സ്ത്രീസൗഹൃദ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി വികസിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏകാന്ത സഞ്ചാരികൾ ഉൾപ്പെടെയുള്ള സ്ത്രീകളുടെ സുരക്ഷ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും വൃത്തിയുള്ളതും മികച്ചതുമായ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒന്നര ലക്ഷത്തോളം സ്ത്രീകളെ ഉൾപ്പെടുത്തി സ്ത്രീസൗഹൃദ വിനോദസഞ്ചാര ശൃംഖല രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള റോഡ് നിർമ്മാണം

*92 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏത് കാലാവസ്ഥയെയും അതിജീവിക്കുന്ന റോഡ് നിർമ്മാണ രീതികൾ നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിരന്തരമായി തകരുന്ന റോഡുകൾ കണ്ടെത്തി അവ തകരുന്നതിനുള്ള കാരണം പരിശോധിച്ച് ആയതിന് ശാശ്വത പരിഹാരമാകും വിധത്തിലുള്ള നിർമ്മാണ രീതികൾ നടപ്പിലാക്കുമോ; വിശദമാക്കുമോ;

(സി) തകർന്ന റോഡുകളിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ എല്ലാ റോഡുകളിലും ജലനിർഗ്ഗമന സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) കാലാവസ്ഥാ വ്യതിയാനം, കൊടുംചൂട്, അതിശൈത്യം, വാഹനപ്പെരുപ്പം എന്നിവ മൂലമുണ്ടാകുന്ന അമിത സമ്മർദ്ദം പുതിയ റോഡ് നിർമ്മാണ രീതികൾക്ക് അതിജീവിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

## സിൽവർലൈൻ പദ്ധതി

*93 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയ്ക്ക് വേണ്ടി സാമൂഹികാഘാത പഠനത്തിനും സർവ്വേയ്ക്കുമായി നിയോഗിച്ചിരുന്ന റവന്യൂ ഉദ്യോഗസ്ഥരെ തിരികെ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച എതിർപ്പിനെ തുടർന്ന് സാമൂഹികാഘാത പഠനവും കല്ലിടലും മുടങ്ങിയ സാഹചര്യത്തിലാണ് ഉദ്യോഗസ്ഥരെ തിരിച്ച് വിളിക്കാനുള്ള തീരുമാനം കൈക്കൊണ്ടത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

*94 **ശ്രീ സി ആർ മഹേഷ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ വ്യാപകമായി നിയനമങ്ങൾ നടത്തി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പൊതുവിദ്യാഭ്യാസ ഗുണനിലവാരത്തിൽ പ്രഥമസ്ഥാനം

*95 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തയ്യാറാക്കിയ യുഡൈസ് പ്ലസ് റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസത്തിൽ സംസ്ഥാനം വീണ്ടും ഒന്നാം സ്ഥാനത്ത് തുടരുന്നുണ്ടോ;

(ബി) ഗുണനിലവാരത്തിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നതുപോലെ വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരത്തിലും പ്രഥമസ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി വിലയിരുത്തുന്നുണ്ടോ;

(സി) പ്രധാനമായും ഏതെല്ലാം സൗകര്യങ്ങളെ അടിസ്ഥനാമാക്കിയാണ് മികവ് വിലയിരുത്തുന്നതെന്ന് അറിയിക്കുമോ;

(ഡി) എട്ടാം ക്ലാസുവരെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കില്ലാത്ത സംസ്ഥാനമെന്ന നേട്ടം കൈവരിക്കാനായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം ഉയർന്ന ക്ലാസുകളിൽ കൂടി കൈവരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ഖാദർ കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട്

*96 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. എം.എ. ഖാദർ അധ്യക്ഷനായുള്ള കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ ഒന്നാം ഭാഗത്തിലെ ശിപാർശകൾ പ്രകാരം സർക്കാർ നടപ്പാക്കിയ നിർദേശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(സി) ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ രൂപീകരിച്ച സെല്ലും സഹായിക്കാനായി രൂപീകരിച്ച കോർ കമ്മിറ്റിയും സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് ബദൽ മാർഗ്ഗം

*97 **ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഉപയോഗിക്കുന്ന ഷെൽമാക് മിശ്രിതത്തിന്റെ ഈട് എത്രനാൾ നിലനിൽക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈർപ്പമുള്ളപ്പോൾ ഷെൽമാക് ഇടുന്നത് വേഗത്തിൽ പൊളിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എത്രനാൾ വരെ പ്രസ്തുത മിശ്രിതം ഇളകാതെ നിൽക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) ഒരേ സ്ഥലങ്ങളിൽ പലതവണ ഷെൽമാക് ഇടുന്നതിന് പകരം അവിടങ്ങളിൽ വൈറ്റ് ടോപ്പിങ് എന്ന നൂതന സാങ്കേതികവിദ്യ പ്രയോഗിച്ചാൽ തുടരെയുള്ള അറ്റകുറ്റപ്പണി ഒഴിവാകുകയും തദ്വാരാ ഖജനാവിന് സാമ്പത്തികഭാരം കുറയുകയും ചെയ്യും എന്നത് കണക്കിലെടുത്ത് വൈറ്റ് ടോപ്പിങ് പ്രാവർത്തികമാക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>പാഠ്യപദ്ധതി പരിഷ്കരണം</u>

*98 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ വി ജോയി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് ലോകനിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണോ പാഠ്യപദ്ധതി പരിഷ്കരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പഠിതാക്കളെ കേന്ദ്ര സ്ഥാനത്ത് നിർത്തിക്കൊണ്ട് അവരുടെ സമഗ്ര വികസനം സാധ്യമാക്കുന്ന തരത്തിലാണോ പുതിയ പാഠ്യപദ്ധതിക്ക് രൂപം നൽകുന്നതെന്ന് അറിയിക്കുമോ;

(സി) ത്വരിതഗതിയിൽ വികസിക്കുന്ന ശാസ്ത്ര, സാങ്കേതികശാസ്ത്ര വിജ്ഞാനം ഉൾക്കൊള്ളാൻ ശേഷി സൃഷ്ടിക്കുന്നതിനും ജനാധിപത്യമൂല്യവും ബഹുസ്വരതയും ലിംഗസമത്വബോധവും പകർന്ന് നൽകുന്നതിനും പഠന ചട്ടക്കൂട് ലക്ഷ്യം വയ്ക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>തീരദേശ ഹൈവേ</u>

*99 **ശ്രീ . പി . ഉബൈദുള്ള**
**ഡോ. എം.കെ . മുനീർ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് തീരദേശ ഹൈവേ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശത്ത് നിലവിലുള്ള പാത വീതി കൂട്ടി വിപുലീകരിക്കുന്നതിന് പകരം പുതിയ പാത നിർമ്മിക്കാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ തീരദേശ നിവാസികളെ കുടിയൊഴിപ്പിക്കേണ്ടി

വരുമോ; എങ്കിൽ അവർക്ക് നൽകാൻ ഉദ്ദേശിക്കുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശം നൽകുമോ?

## തൊഴിലാളി സൗഹൃദ സംസ്ഥാനം

*100 **ശ്രീ എം നൗഷാദ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘടിത, അസംഘടിത തൊഴിൽ മേഖലകളിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ കേരളത്തെ തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കിമാറ്റുവാൻ ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ളതിന്റെ മൂന്ന് മടങ്ങിലധികം വരെ ഉയർന്ന തോതിലുള്ള പ്രതിദിന വേതനം സംസ്ഥാനത്ത് ലഭിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനും അവ കാലികമായി പുതുക്കുന്നതിനും കാര്യക്ഷമമായ ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്കായുള്ള സുരക്ഷാപദ്ധതികൾ

*101 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപകടം നിറഞ്ഞ സാഹചര്യത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യതൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം വിവരങ്ങൾ കൈമാറുവാൻ നാവിക് അധിഷ്ഠിത സാറ്റലൈറ്റ് ഫോൺ സംവിധാനം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനത്തിനായി മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ സേവനം എവിടെയെല്ലാം ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

## പാഠ്യപദ്ധതി പരിഷ്കരണം

*102 **ശ്രീ. ഇ കെ വിജയൻ**

**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ചർച്ചകൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചർച്ചകൾ വസ്തുനിഷ്ഠവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ജനകീയ ചർച്ചകൾക്ക് ശേഷം പൊതുചർച്ചകളുടെയും സ്കൂൾതല ചർച്ചകളുടെയും അടിസ്ഥാനത്തിലുള്ള നിലപാട് രേഖ (പൊസഷൻ പേപ്പർ) പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും മതവിഭാഗങ്ങളോ സംഘടനകളോ അവരുടെ ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>തൊഴിൽ നയം</u>

*103 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അവ പരിഹരിക്കുന്നതിനും തൊഴിൽ വകുപ്പിന് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗാർഹിക തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളുടെ വരുമാനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സർക്കാർ പിൻതുടരുന്ന തൊഴിൽ നയത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മൗലികമായ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തൊഴിലാളി-തൊഴിലുടമ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തൊഴിൽ നയം സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിനും നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തൊഴിൽ നയം സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ഭവന പാർക്ക്</u>

*104 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ**

**ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവന പാർക്കിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ, നൂതന ഭവന നിർമ്മാണ സാങ്കേതികവിദ്യകൾ, നിർമ്മാണ സാമഗ്രികളുടെ വിതരണം എന്നിവ ഭവന പാർക്കിൽ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പാർക്കിനെ ഗവേഷണ കേന്ദ്രമായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ്</u>

*105 **ശ്രീമതി യു പ്രതിഭ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ലഭിച്ച ഉത്തരവാദിത്ത ടൂറിസം ഗ്ലോബൽ അവാർഡ് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ലോക രാജ്യങ്ങൾക്കിടയിൽ അടയാളപ്പെടുത്തുന്നതിന് സഹായകരമാകുമോ; വിശദമാക്കുമോ;

(ബി) അവാർഡിന് അർഹമാക്കിയ വാട്ടർ സ്ട്രീറ്റ് പ്രോജക്ട് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ടൂറിസം മേഖലയുടെ പ്രചരണവുമായി ബന്ധപ്പെട്ട് പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ സുവർണ്ണ പുരസ്കാരം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## <u>നൈറ്റ് ലൈഫ് ടൂറിസം</u>

*106 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം മേഖലകളിലും നഗരങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ടൂറിസത്തിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്ക് കേരളത്തിന്റെ പരമ്പരാഗത കലകളും രുചികളും ആസ്വദിക്കുന്നതിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത ടൂറിസത്തിന്റെ ഭാഗമായി വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കുറ്റമറ്റ സുരക്ഷാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷാ സംവിധാനങ്ങൾ

*107 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫിഷറീസ് വകുപ്പ് എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ജി.പി.എസ്. സംവിധാനമുള്ള ബീക്കൺ ഉപയോഗിച്ചിട്ടും പ്രയോജനമില്ലെന്നും അപകടത്തിൽപ്പെട്ട പല വള്ളങ്ങളിലും ഇത് ഉപയോഗിച്ചിട്ടും ആരും രക്ഷാപ്രവർത്തനത്തിന് എത്തിയില്ലെന്നുമുള്ള മത്സ്യത്തൊഴിലാളികളുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ വർഷം കേരള തീരത്ത് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളിൽ പ്രസ്തുത സംവിധാനം ഉണ്ടായിരുന്നോ; വിശദമാക്കാമോ;

(ഡി) ഉൾക്കടലിൽ മത്സ്യബന്ധനം നടത്തുന്ന വള്ളങ്ങളും ബോട്ടുകളും ഐ.എസ്.ആർ.ഒ.യുടെ ഗതിനിർണ്ണയ ഉപഗ്രഹ ശൃംഖലയായ നാവികിന്റെ കീഴിൽ വരുത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

## റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരിശോധന

*108 **ഡോ. എം.കെ . മുനീർ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ;

(ബി) റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം കുഴികൾ രൂപപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡ് നിർമ്മാണത്തിന് ആവശ്യമായ ടാർ ഉപയോഗിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ശബരി പാത പദ്ധതി

*109 **ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തെ റെയിൽവേ പദ്ധതികളോട് തുടർച്ചയായി പുലർത്തുന്നതായി പറയപ്പെടുന്ന അവഗണനയുടെ ഫലമായി മുടങ്ങിക്കിടന്ന ശബരി പാതയുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കാമെന്ന വ്യവസ്ഥയിൽ പുനരുജ്ജീവിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന റെയിൽവേ വികസനത്തിനെതിരെ പ്രവർത്തിക്കുന്ന ചില നിക്ഷിപ്ത താല്പര്യക്കാരുടെ സമ്മർദ്ദം മൂലം പാത ഉപേക്ഷിക്കാൻ പോകുന്നതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി അറിയിക്കാമോ;

(സി) ഇടുക്കി, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ മലയോര മേഖലയുടെ സമഗ്ര വികസനത്തിന് ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ നിർദേശാനുസരണം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

## ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലെ സ്ത്രീപങ്കാളിത്തം

*110 **ഡോ.കെ.ടി.ജലീൽ**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവിഷ്കരിച്ച ഉത്തരവാദിത്ത ടൂറിസത്തിന് അന്തർദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(ബി) ഗ്രാമപ്രദേശത്തുള്ളവരുടെ, വിശേഷിച്ചും സ്ത്രീകളുടെ സാമ്പത്തികമായ ഉന്നമനത്തിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി എത്രമാത്രം പ്രയോജനപ്രദമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കീഴിൽ എത്ര യൂണിറ്റുകളാണ് ഉള്ളതെന്നും അവയിലെ നേരിട്ടുള്ള സ്ത്രീപങ്കാളിത്തത്തെക്കുറിച്ചും വിശദമാക്കാമോ?

## ഡെസ്റ്റിനേഷൻ ചലഞ്ച്

*111 **ശ്രീ. എ. രാജ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന് പ്രാധാന്യം നൽകിയതിന്റെ ഫലമായി സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ പ്രഥമ ഗണനീയ പങ്ക് സംഭാവന ചെയ്യുന്ന തരത്തിൽ വിനോദസഞ്ചാര വ്യവസായം വളർച്ച നേടിയിട്ടുണ്ടോ;

(ബി) നിലവിൽ ചില പ്രധാന സ്ഥലങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരത്തിന്റെ സദ്ഫലങ്ങൾ സംസ്ഥാനത്തൊട്ടാകെ ലഭ്യമാകുന്ന തരത്തിൽ വിപുലീകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഫലം കണ്ട് തുടങ്ങിയിട്ടുണ്ടോ;

(സി) പ്രസ്തുത ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് വഴി കൈവരിക്കാനായ നേട്ടം അറിയിക്കുമോ?

## മത്സ്യത്തൊഴിലാളികൾക്കായുള്ള സഹായങ്ങൾ

*112 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മത്സ്യഫെഡും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനും മറ്റ് ഏജൻസികളും വഴി അവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹം എന്ന നിലയിൽ ഇവർക്ക് നൽകി വരുന്ന സഹായങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

*113 **ശ്രീ കെ ബി ഗണേഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനും മെച്ചപ്പെടുത്താനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്ന സാഹചര്യത്തിൽ ഗ്രാമീണ മേഖലകളിൽ അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പുതിയ തൊഴിലവസരങ്ങൾ

*114 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി.ഉമ തോമസ്**
**ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയായ 8.2 ശതമാനത്തിനേക്കാൾ അഞ്ച് ശതമാനം വർദ്ധിച്ച് 13.2 ശതമാനമായി ഉയർന്നിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ വ്യാപകമായി അനധികൃത നിയമനങ്ങൾ നടക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യവസായ സംരംഭകർ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ മടിക്കുന്നതും കാർഷിക മേഖലയിലേക്ക് പുതുതലമുറയെ ആകർഷിക്കാൻ കഴിയാത്തതും തൊഴിലവസരങ്ങൾ കുറയുന്നതിന് കാരണമാവുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തെല്ലാം നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

**<u>ആഴക്കടൽ മത്സ്യബന്ധനത്തിന് നൂതന സാങ്കേതിക വിദ്യ</u>**

*115 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരക്കടലിൽ മത്സ്യ ലഭ്യത കുറഞ്ഞ് വരികയും കേന്ദ്ര സർക്കാർ ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി നൽകുന്നതുവഴി അവ ആഴക്കടലിൽ നിന്ന് മത്സ്യക്കുഞ്ഞുങ്ങളെ ഉൾപ്പെടെ പിടിച്ചെടുക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാൻ പദ്ധതിയുണ്ടോ;

(ബി) ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നിർമ്മിച്ച് നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന് അനുകൂല പ്രതികരണം ലഭിച്ചിട്ടുണ്ടോ;

(സി) ആഴക്കടൽ മത്സ്യബന്ധനത്തിന് നോർവീജിയൻ സാങ്കേതികവിദ്യയുടെ വളർച്ച സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നോർവീജിയൻ വിദഗ്ദ്ധ സംഘവുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

**<u>അങ്കമാലി-ശബരി റെയിൽ പദ്ധതി</u>**

*116 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ദീർഘനാളായി ആവശ്യപ്പെടുന്നതും ശബരിമല തീർത്ഥാടകർക്ക് ഏറെ ഗുണകരമായതും മലയോര മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്നതുമായ അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഈ പദ്ധതി ഉൾപ്പെടുത്തിയതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ ഭീമമായ വില വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ അമ്പത് ശതമാനം ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിരുന്നോ;

(ഡി) നിർദ്ദിഷ്ട അങ്കമാലി-ശബരി റെയിൽ പദ്ധതി സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ വെളിപ്പെടുത്താമോ?

## വഖഫ് ഭൂമി തിരിച്ച് പിടിക്കാൻ നടപടി

*117 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഫറൂഖ് കോളേജിന് അവകാശപ്പെട്ട 400 ഏക്കർ വഖഫ് ഭൂമി എറണാകുളം ജില്ലയിൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് വഖഫ് ഭൂമിയാണെന്ന് വഖഫ് അന്വേഷണ കമ്മീഷൻ സ്ഥിരീകരിച്ചിട്ടുണ്ടോ;

(സി) വഖഫിന്റെ പ്രസ്തുത സ്ഥലം തിരിച്ച് പിടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

## കടലാസ് രഹിത വില്ലേജ് ഓഫീസ്

*118 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തലങ്ങളിലുള്ള റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രവർത്തനങ്ങൾ സാങ്കേതികവിദ്യാധിഷ്ഠിതമായി ആധുനികീകരിക്കുന്നതിനുള്ള കടലാസ് രഹിത വില്ലേജ് ഓഫീസ് പദ്ധതി പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനാക്കിയിരുന്നോ; ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ സമയബന്ധിതമായി നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## പുനർഗേഹം പദ്ധതി

*119 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭവും മറ്റ് പ്രകൃതിദുരന്തങ്ങളും മൂലം സംസ്ഥാനത്തെ തീരദേശ ജനത നേരിടുന്ന വിവിധങ്ങളായ ബുദ്ധിമുട്ടുകൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ ആരംഭിച്ച ബൃഹത്തായ പുനരധിവാസ പദ്ധതിയായ പുനർഗേഹം പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പുനർഗേഹം പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കണ്ടെത്തുന്നതിനും അവയുടെ വില നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ;

(ഡി) തീരദേശ ജനതയുടെ സുരക്ഷയ്ക്കും തീരദേശത്തിന്റെ സമഗ്ര വികസനത്തിനുമുള്ള ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനമടക്കം എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>സംസ്ഥാനത്തെ ടൂറിസം ഹബ്ബ് ആക്കാൻ നടപടി</u>**

*120 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മുഖ്യ വരുമാന മാർഗ്ഗമായി ടൂറിസത്തെ മാറ്റുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കായൽ, ബീച്ച്, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെ വിനോദസഞ്ചാര വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2022 നവംബർ 30, ബുധൻ
എ എം ബഷീർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].